പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2094 — 19.06.2012-ൽ മറുപടിയ്ക്ക്

# സ്വിം ആന്റ് സർവൈവ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | സ്വിം ആന്റ് സർവൈവ് പദ്ധതി എന്താണ് ; അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും അതിന്റെ മാർഗ്ഗരേഖകൾ എന്തെല്ലാം എന്നും വിശദമാക്കാമോ ; | (എ) | കേരളത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുങ്ങിമരണങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്നും അതിൽ കുട്ടികളാണേറെയും എന്ന വസ്തുതയുടെ വെളിച്ചത്തിൽ, പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിനുവേണ്ടി സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക എന്നതാണ് സ്വിം ആന്റ് സർവൈവ് പദ്ധതിയുടെ ഉദ്ദേശ്യം. കായികയുവജനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ **portable swimming pool** ഉപയോഗിച്ച് കോട്ടയം എം.ഡി.സെമിനാരി സ്കൂളിൽ ടി പദ്ധതി ആരംഭിക്കുകയും പ്രസ്തുത സ്കൂളിലെ 400 -ലധികം കുട്ടികൾ ഈ പദ്ധതിയിൻ കീഴിൽ നീന്തൽ പരിശീലനം നേടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകുക എന്ന് വിശദമാക്കാമോ ; | (ബി) | ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയങ്ങളിലെ യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി പരിശീലനം നൽകിവരുന്നു. |
| (സി) | എത്ര തുകയാണ് ഈ പദ്ധതിക്ക് വേണ്ടി വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (സി) | ഈ പദ്ധതിയ്ക്ക് 120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ